## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2639** **07-07-2022 - ൽ മറുപടിയ്ക്ക്**

## ക്ഷേമ പെൻഷൻ വിതരണത്തിലെ തട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന ചില ഏജന്റുമാർ മരണപ്പെട്ട പെൻഷൻകാരുടെ പെൻഷൻ തുക തട്ടിയെടുത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ മുണ്ടേല സർവ്വീസ് സഹകരണ ബാങ്കിലെ പെൻഷൻ വിതരണത്തിന്റെ ചുമതല ഉണ്ടായിരുന്ന അറ്റൻഡർ 2017 ആഗസ്റ്റ്, ഡിസംബർ, 2018 ഏപ്രൽ, ആഗസ്റ്റ്, ഡിസംബർ എന്നീ മാസങ്ങളിൽ വിതരണം നടത്തിയ പെൻഷൻ തുകയിൽ നിന്നും മൂന്ന് ഗുണഭോക്താക്കൾക്ക് നൽകേണ്ട തുകയിൽ നിന്നും 36800/- രൂപ തിരിമറി നടത്തുകയും ബാങ്ക് നടത്തിയ പരിശോധനയിൽ കണ്ടെത്തുകയും ടി ഉദ്യോഗസ്ഥനിൽ നിന്നും തിരിമറിനടത്തിയ തുകയും ആയതിന്റെ 18 ശതമാനം തുകയും ചേർത്ത് 48523/- രൂപ ഈടാക്കുകയും ടി തുക ഒടുക്കുകയും ടിയാനെ അറ്റഡർ തസ്തികയിൽ നിന്നും പ്യൂൺ തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്തിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിലെ പേരയം സർവ്വീസ് സഹകരണ ബാങ്ക് വഴി വിതരണം ചെയ്ത 25 ഗുണഭോക്താക്കളുടെ 455760/- രൂപയുടെ ക്രമക്കേട് കണ്ടെത്തി. ടി തുക 07.12.2021 ൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ക്രമക്കേട് നടത്തിയ ഭരണ സമതി അംഗത്തെ കേരള സഹകരണ സംഘം നിയമം ചട്ടം 44(3) പ്രകാരം ഭരണ സമതി അംഗത്വത്തിൽ നിന്നും അയോഗ്യനാക്കിയിട്ടുണ്ട്.<br><br>പത്തനംതിട്ട ജില്ലയിൽ അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ പരിധിയിൽ വരുന്ന പന്തളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എ704-ൽ 4500/- രൂപ മരണമടഞ്ഞ ഗുണഭോക്താവിന് വിതരണം നടത്തിയതായി കാണിക്കുകയും ടി തുക തിരികെ ഒടിക്കിയിട്ടുള്ളതുമാണ്. |

കോട്ടയം ജില്ലയിൽ വൈക്കം ടൗൺ സർവ്വീസ് സഹകരണ ബാങ്ക് കെ.349 -ൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 18000/- രൂപയുടെ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനായി കോട്ടയം ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നിർദ്ദേശം നൽകിയിട്ടുള്ളതും ക്രമക്കേട് നടത്തിയ തുക തിരികെ ഒടുക്കിയിട്ടുള്ളതുമാണ്. ബ്രഹ്മമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ പെൻഷൻ വിതരണത്തിൽ ക്രമക്കേടുനടത്തിയിട്ടുള്ള 28800/- രൂപ തിരികെ ഒടുക്കിയിട്ടുള്ളതും ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി കോട്ടയം ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ 2016 വർഷത്തിൽ ആർ 210 നമ്പർ കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്കിൽ മരണപ്പെട്ട പെൻഷൻകാരുടെ പെൻഷൻ തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ട്. മരണപ്പെട്ട 8 പേരുടെ പെൻഷൻ തുകയായ 61800/- രൂപയുടെ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുകയും ടിയാനെ 28.05.2018 ന് സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ഉണ്ടായിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ആലത്തൂർ സർക്കിളിൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ പെൻഷൻ ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ കുഴൽമന്ദം സർവ്വീസ് സഹകരണ ബാങ്ക്, ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, ആലത്തൂർ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്, പുതുക്കോട് സർവ്വീസ് സഹകരണ ബാങ്ക്, പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക്, കാവശ്ശേരി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം എന്നീ സ്ഥാപനങ്ങളിലെ ഏജന്റ്മാർ മുഖേന നൽകിയ പെൻഷൻ തുകയിൽ തിരിമറി നടത്തിയതായി കണ്ടെത്തുകയും ആയത് ബന്ധപ്പെട്ട ഏജന്റുമാരിൽ നിന്നും ഈടാക്കിയിട്ടുള്ളതുമാണ്.

മലപ്പുറം ജില്ലയിൽ മാറാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലെ കളക്ഷൻ ഏജന്റ്, മരണപ്പെട്ട ഒരു വ്യക്തിയുടെ അതേ പ്രദേശത്തുള്ള അതേ പേരിലും അതേ മേൽവിലാസത്തിലുമുള്ള മറ്റൊരു ഗുണഭോക്താവിന് നൽകുകയും ഫോറം മാറി ഒപ്പുവെച്ചതിനാൽ മരിച്ച വ്യക്തിയുടെ പേരിൽ തുക കൊടുത്തതായി സോഫ്റ്റ് വെയറിൽ

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തുകയും ഉണ്ടായി. തുക തിരിച്ച് അടവാക്കുകയും സോഫ്റ്റ് വെയറിൽ ആവശ്യമായ തിരുത്തൽ വരുത്തുകയും ചെയ്തിട്ടുണ്ട്. വടക്കുംപുറം സർവ്വീസ് സഹകരണ ബാങ്കിൽ 2017 ൽ ഫെബ്രുവരി-മാർച്ചിൽ വിതരണം ചെയ്തിരുന്ന തുകയായ 3000/- രൂപ മരിച്ച വ്യക്തിയ്ക്ക് വിതരണം നടത്തിയതായി ക്രമക്കേട് കണ്ടെത്തുകയും പ്രസ്തുത തുക പലിശ സഹിതം തിരികെ അടവാക്കിയിട്ടുണ്ട്.<br><br>കോഴിക്കോട് താലൂക്കിലെ പെരുമണ്ണ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 1955 ൽ പെൻഷൻ വിതരണത്തിന് ചുമതലയുള്ള ജീവനക്കാരൻ 13300/- രൂപ കൃത്രിമം നടത്തിയതായി കണ്ടെത്തുകയും മേൽ തുക കളക്ഷൻ ഏജന്റിൽ നിന്നും ഈടാക്കുകയും സർക്കാരിലേയ്ക്ക് ഒടുക്കുകയും ബാങ്ക് കളക്ഷൻ ഏജന്റിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ പായം ഗ്രാമ പഞ്ചായത്ത് 15-ാം വാർഡിൽ ഇരുട്ടി സഹകരണ റൂറൽ ബാങ്കിലെ കളക്ഷൻ ഏജന്റ് 6100/- രൂപയുടെ തിരിമറി നടത്തുകയും ടി ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്ത ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം തട്ടിപ്പുകൾ തടയാൻ എന്ത സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പെൻഷൻ വിതരണ കണക്കുകൾ ആഡിറ്റ് വിഭാഗം പരിശോധന നടത്തി വരുന്നു. പെൻഷൻ കണക്കുകൾ അനുരഞ്ജനം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. യഥാസമയം പെൻഷൻ വിതരണം നടത്താത്ത സംഘങ്ങളെ പെൻഷൻ വിതരണത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ